Deshabhimani 27-11-18, P-12

# പച്ചക്കറി പഴവർഗ വികസനത്തിന് 26 കോടിയുടെ പാക്കേജ്: മന്ത്രി

സ്വന്തം ലേഖകൻ

ഏറ്റുമാനൂർ

പ്രളയം തകർത്ത കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് 26 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന് മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. ഇതിനുപുറമെ ശാസ്ത്രീയ കൃഷിരീതിയ്ക്കു വേണ്ടി ഏഴു കോടി രൂപയും അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കാൻ ഒരു ഹെക്ടറിന് ഒന്നര ലക്ഷം രൂപയും അധിക സഹായം അനുവദിക്കുമെന്നും അദ്ദേഹം അറിയിച്ചു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ (വിഎഫ്പിസികെ)17–ാമത് വാർഷിക പൊതുയോഗം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ കർഷകർ വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാൻ ശ്രദ്ധിക്കണമെന്ന് മന്ത്രി അഭ്യർഥിച്ചു. പ്രളയത്തിൽ കാർഷികമേഖല തകർന്നപ്പോൾ, പലർക്കും അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തതിന് കാരണം പദ്ധതിയിൽ അംഗമല്ലാഞ്ഞതാണ്. വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ ഏത്തവാഴ കർഷകർക്ക് വാഴയൊന്നിന് 400 രൂപ ലഭിക്കുമ്പോൾ അംഗമല്ലാത്തവർക്ക് നൂറു രൂപയാണ് ലഭിക്കുന്നത്. വാഴയൊന്നിന് കേന്ദ്രം നൽകുന്ന നഷ്ടപരിഹാരം 5.50 രൂപ മാത്രമാണ്. മികച്ച വിള ഇൻഷുറൻസ് നൽകുന്ന സംസ്ഥാനമാണ് കേരളം. വിഎഫ്പിസികെയിൽ വിള ഇൻഷുറൻസ് ചെയ്യുവർക്ക് സംസ്ഥാന സർക്കാരിന്റെ വിള ഇൻഷുറൻസ് പദ്ധതിയിലും അംഗമാകാം.



വിഎഫ്പിസികെ വാർഷിക പൊതുയോഗം മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

പ്രളയശേഷം സംസ്ഥാനത്തെ കാർഷിക മേഖല ശക്തമായ തിരിച്ചുവരവിന്റെ പാതയിലാണ്. സർക്കാരിന്റെ കണക്കു പ്രകാരം 19,000 കോടി രൂപയുടെ നഷ്ടമാണ് കാർഷിക മേഖലയ്ക്ക് നേരിട്ടത്. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളുടെ മലയോര മേഖലകളിൽ നടത്തിയ പരിശോധകളുടെ അടിസ്ഥാനത്തിൽ പ്രളയം മണ്ണിൽ ഒട്ടേറെ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കൃഷിഭൂമിയിലെ ഇത്തരം മാറ്റങ്ങൾക്കനുസൃതമായി ചില പദ്ധതികൾ കൊണ്ടുവരാൻ കൃഷി വകുപ്പ് ആലോചിക്കുന്നുണ്ട്. കാർഷിക മേഖലയിൽ ശാസ്ത്രീയ പുനഃസംഘടനയാണ് സർക്കാരിന്റെ ലക്ഷ്യം. വിഎഫ്പിസികെയുടെ നേതൃത്വത്തിൽ ഇടുക്കി വട്ടവിളയിൽ 50 ഏക്കറിൽ മാതൃകാ പഴത്തോട്ടം ആരംഭിക്കും. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ആറ് കിഴങ്ങ് വിള വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കും. ഒപ്പം അഞ്ചിനം നാടൻ കാർഷിക വിളകളുടെ വിത്തു വിതരണവും ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മികച്ച കർഷകർക്കുള്ള വിഎഫ്പിസികെ യുടെ സംസ്ഥാന തല 'ഹരിതകീർത്തി' അവാർഡുകളും അദ്ദേഹം വിതരണം ചെയ്തു. വിഎഫ്പിസികെ ആരംഭിക്കുന്ന നാടൻ വിത്തുകളുടെ വിതരണോദ്ഘാടനവും നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സണ്ണി പാമ്പാടി അധ്യക്ഷനായി. അഡ്വ. കെ സുരേഷ് കുറുപ്പ് എംഎൽഎ മുഖ്യാതിഥിയായി. വിഎഫ്പിസികെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സജി ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു.

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീന ബിനു, അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് മേരിക്കുട്ടി സെബാസ്റ്റ്യൻ, ബ്ലോക്ക് പഞ്ചായത്തംഗം മോളി ലൂയിസ്, പഞ്ചായത്തംഗം തോമസ് പുതുശ്ശേരിൽ, വിഎഫ്പിസികെ ഡയറക്ടർമാരായ കെ ആർ മോഹനൻപിള്ള, സിറിൾ കുര്യാക്കോസ്, കെ എൻ രാമകൃഷ്ണൻ, ട്രസ്റ്റ് ബോർഡംഗങ്ങളായ കെ ഷംസുദ്ദീൻ, എ പ്രദീപൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ റെജിമോൾ മാത്യു എന്നിവർ സംസാരിച്ചു.